സ്ക്കൂൾ സ്റ്റേഡിയങ്ങൾക്ക് ധനസഹായം

*432. [462] ശ്രീ. സ്റ്റീഫൻ പാദുവ :
,, കെ.സി. ജോസഫ് :
,, കെ. രാഘവൻ മാസ്റ്റർ :
,, എൻ. ശക്തൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം സ്ക്കൂളുകളോടനുബന്ധിച്ച് സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപ വീതമാണ് നൽകുന്നത് ;

(സി) ഇതിനുവേണ്ടി തെരഞ്ഞെടുക്കപ്പെട്ട സ്ക്കൂളുകൾ എത്ര; ഏതെല്ലാം ?

വനം വകുപ്പുമന്ത്രി (ശ്രീ. കെ.പി. നൂറുദ്ദീൻ) :

(എ) ഉണ്ട്.

(ബി) ഓരോ സ്റ്റേഡിയം നിർമ്മാണത്തിന് ധനസഹായം എത്ര രൂപയാണ് നൽകേണ്ടതെന്ന് നിജപ്പെടുത്തിയിട്ടില്ല. കേരള ഗവൺമെൻറ് പദ്ധതി അനുസരിച്ച് മൊത്തം മതിപ്പ് ചെലവിൻെറ പകുതിയോ, ഏറ്റവും കൂടിയത് ഒരു ലക്ഷം രൂപയോ സ്ക്കൂളുകൾക്ക് സ്റ്റേഡിയം നിർമ്മാണത്തിന് സഹായധനമായി നൽകുന്നു.

(സി) 1985-86-ൽ 53 സ്ക്കൂളുകൾക്ക് സ്റ്റേഡിയം നിർമ്മാണത്തിന് ധനസഹായം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. †

കയർ വ്യവസായത്തിനായി ചെലവഴിച്ച സംഖ്യ

*433. [463] ശ്രീ. വർക്കല രാധാകൃഷ്ണൻ :
ശ്രീമതി കെ ആർ. ഗൗരി :
ശ്രീ. ടി.കെ. അബ്ദു :
,, വി.ജെ. തങ്കപ്പൻ :
,, സി.കെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ വ്യവസായ വികസനത്തിനായി ആറാം പദ്ധതിയിൽ എന്ത് തുക സംസ്ഥാനത്ത് ചെലവഴിച്ചു :

(ബി) പ്രസ്തുത കാലയളവിൽ എത്ര തൊഴിലാളികളെ സഹകരണ മേഖലയിൽ കൊണ്ടുവന്നു ?

† സ്ക്കൂളുകളുടെ ലിസ്റ്റ് ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly